**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.1043 05.03.2020 -ൽ മറുപടിയ്ക്ക്.

**<u>രജിസ്ട്രേഷൻ വകുപ്പിലെ നവീകരണ പ്രവൃത്തികൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഐ.ബി. സതീഷ്**<br>**,, എ. പ്രദീപ്കുമാർ**<br>**,, എം. രാജഗോപാലൻ**<br>**,, പി.കെ. ശശി** | **ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം.<br>2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ- പേയ്മെന്റ് സംവിധാനം.<br>3. ഒരു ലക്ഷം രൂപയ്ക്കു മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.<br>4.ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.<br>5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം. |

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം.

10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും, ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം.

11. ചിട്ടി രജിസ്ട്രേഷൻ നടപടികൾക്കുള്ള ഓൺലൈൻ സംവിധാനം.

12. രജിസ്ട്രേഷൻ വകുപ്പിനു കീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം.

13. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെ തന്നെ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം.

| | | | |
|---|---|---|---|
| (ബി) | സബ് രജിസ്ട്രാർ ഓഫീസുകളെ ഐ.എസ്.ഒ.നിലവാരത്തിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | ആധുനികവത്ക്കരണ നടപടികളിലൂടെ ഗുണനിലവാരമുള്ള സേവനങ്ങൾ പൊതു ജനങ്ങളിലേക്കെത്തിക്കുകയെന്ന ലക്ഷ്യത്തോടെ സബ് രജിസ്ട്രാർ ഓഫീസുകളെ ഐ.എസ്.ഒ. നിലവാരത്തിലേക്കുയർത്തുവാൻ സർക്കാർ നയപരമായി തീരുമാനമെടുക്കുകയും, ഐ.എസ്.ഒ. നിലവാരം കൊണ്ടുവരുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുവാൻ ഐ.എസ്.ഒ. മേഖലയിൽ പ്രാവീണ്യമുള്ള കൺസൾട്ടന്റുമാരെ ചുമതലപ്പെടുത്തിക്കൊണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത ഏജൻസി ഇത് സംബന്ധിച്ച് ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ ആവശ്യമായ ആഡിറ്റുകൾ നടത്തി ഇതിനുള്ള മാനദണ്ഡങ്ങൾ പാലിച്ചുവെന്ന് ഉറപ്പ് വരുത്തിയതിനുശേഷം ISO നിലവാരം പുലർത്തുന്നുവെന്ന സാക്ഷ്യപത്രവും നൽകുന്നതാണ്. ഈ നിലവാരം കൈവരിക്കുവാൻ ഉതകുന്ന തരത്തിലുള്ള ഭൗതിക സാഹചര്യങ്ങൾ വകുപ്പ് ഒരുക്കേണ്ടതായിട്ടുണ്ട്. ഇതിനാവശ്യമായ തുക 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി നടപ്പിലാക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു. |
| (സി) | വിവര സാങ്കേതിക മേഖലയിലെ നൂതനാശയമായ ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ അടിസ്ഥാനമാക്കി രജിസ്ട്രേഷൻ സംവിധാനം പരിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | വിവര സാങ്കേതിക മേഖലയിലെ നൂതനമായ ബ്ലോക്ക് ചെയിൻ സാങ്കേതിക വിദ്യ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു. സ്ഥാവര വസ്തുക്കളുടെ കൈമാറ്റങ്ങൾക്ക് ബാധകമായ നിയമ വ്യവസ്ഥകളെ സാങ്കേതിക വിദ്യയുമായി സന്നിവേശിപ്പിച്ച് കൊണ്ട് കേരളത്തിലെ ഭൂരേഖ മാനേജ്മെന്റിന് ഒരു പുതിയ മുഖം നൽകുന്നതോടൊപ്പം രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ വകുപ്പുകളുടെ സേവനം ഒരു കുടക്കീഴിൽ കൊണ്ടു വരികയെന്നതും ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ പരീക്ഷണ |

പരിപാടി തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ വില്ലേജിൽ നടപ്പിലാക്കുവാനുള്ള പ്രാരംഭ നടപടികളും പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ